# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 862 — 28/09/2011-ൽ മറുപടിക്ക്

### പരിയാരം മെഡിക്കൽ കോളേജിൽ ഏർപ്പെടുത്തിയ ചികിത്സാ പദ്ധതിയിലെ അപാകതകൾ

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ. ജെയിംസ് മാത്യു | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ | പരിയാരം മെഡിക്കൽ കോളേജിൽ ചികിത്സ തേടിയെത്തുന്ന പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ടോ ; | പരിയാരം മെഡിക്കൽ കോളേജിൽ ചികിത്സ തേടിയെത്തുന്ന പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ അടിയന്തിര സാഹചര്യങ്ങളിൽ ലഭ്യമാക്കുന്നുണ്ട്. |
| ബി | ഇങ്ങിനെ ആനുകൂല്യം ലഭിക്കുന്നതിനായി പരിയാരം മെഡിക്കൽ കോളേജിനു മാത്രം ബാധകമാക്കികൊണ്ട് 6 നിബന്ധനകൾ ഉൾക്കൊള്ളുന്ന സി2/9299/11-ാം നമ്പർ സർക്കുലർ 29.7.2011-ന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ പുറത്തിറക്കിയത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| സി | ഇങ്ങിനെയൊരു സർക്കുലർ പുറപ്പെടുവിക്കുന്നതിനാധാരമായ സാഹചര്യങ്ങൾ വ്യക്തമാക്കുമോ ; | 2003-04 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സഹായമായി ലഭിച്ച 10 കോടി രൂപ ഉപയോഗിച്ചാണ് 2008 മുതൽ പട്ടിക വർഗ്ഗക്കാരുടെ ചികിത്സയ്ക്കായി സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതി നടപ്പിലാക്കി വരുന്നത്. ഈ പദ്ധതി പ്രകാരം 2011 ഫെബ്രുവരിയിലെ കണക്ക് അനുസരിച്ച് 4934 രോഗികൾക്ക് ചികിത്സ നടത്തിയതിന് കോഴിക്കോട് മെഡിക്കൽ കോളേജിൽ ചെലവായത് 61,39,263/- (അറുപത്തിയൊന്നു ലക്ഷത്തി മുപ്പത്തൊമ്പതിനായിരത്തി ഇരുന്നൂറ്റി അറുപത്തി മൂന്നു രൂപ മാത്രം) രൂപയാണ്. അതേ സമയം പരിയാരത്ത് ഈ കാലയളവിൽ 2311 രോഗികളെ ടി പദ്ധതി പ്രകാരം ചികിത്സിച്ചതിന് 2,63,77,949/- രൂപ (രണ്ട് കോടി അറുപത്തിമൂന്ന് ലക്ഷത്തി എഴുപത്തേഴായിരത്തി തൊള്ളായിരത്തി നാൽപ്പത്തി ഒൻപത് രൂപ മാത്രം) ചെലവായിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ ഹൃദയ സംബന്ധമായ അസുഖത്തിന് ചികിത്സ നടത്തുന്നതിന് 90,000/- (തൊണ്ണൂറായിരം രൂപ മാത്രം ) രൂപയാണ് ചെലവായിട്ടുള്ളത്. അതേ സമയം ഇതേ രോഗത്തിന് പരിയാരത്ത് ചികിത്സ നടത്തുന്നതിന് 2,40,000/- രൂപ (രണ്ടു ലക്ഷത്തി |
| ഡി | അപ്രായോഗികമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചത് മതിയായ പരിശോധനയും പഠനവും നടത്തിയിട്ടാണോ ; | |

| | | |
|---|---|---|
| | | നാൽപ്പതിനായിരം രൂപ മാത്രം) യാണ് ഈടാക്കിയിട്ടുള്ളത്. അതായത് സർക്കാർ ആശുപത്രിയിൽ ചികിത്സ തേടുന്നതിന് ചെലവാകുന്നതിന്റെ ഇരട്ടിയിലധികം ചികിത്സാ ചെലവ് പരിയാരം മെഡിക്കൽ കോളേജിൽ ഈടാക്കുന്നുണ്ട്. |
| ഇ | ആധുനിക ചികിത്സാ രീതി ആവശ്യമായതും അടിയന്തിരവുമായ സന്ദർഭങ്ങളിൽ മഞ്ചേശ്വരം വരെയുള്ള ഭാഗങ്ങളിൽ നിന്ന് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ഗുരുതരാവസ്ഥയിലുള്ള രോഗികൾക്ക് സർക്കാർ ആശുപത്രികളിൽ നിന്നുള്ള റഫറൻസ് കൊണ്ടുവരണമെന്ന നിബന്ധന ഉണ്ടാക്കാവുന്ന ബുദ്ധിമുട്ടുകളും പ്രത്യാഘാതങ്ങളും മനസിലാക്കിയിട്ടുണ്ടോ ; | അടിയന്തിര ഘട്ടങ്ങളിൽ ചികിത്സ ലഭ്യമാക്കുന്നതിന് കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ ജില്ലാ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. ഈ ആശുപത്രികളിലും സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം ചികിത്സ അനുവദനീയമാണ്. കൂടുതൽ മെച്ചപ്പെട്ട ചികിത്സ ആവശ്യമാണെങ്കിൽ മാത്രമാണ് കോഴക്കോട് മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. |
| എഫ് | എങ്കിൽ ഇക്കാര്യത്തിൽ മതിയായ പരിശോധന നടത്തി പ്രസ്തുത സർക്കുലർ പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | സഹകരണ വകുപ്പും മറ്റ് ബന്ധപ്പെട്ടവരുമായി കൂടിയാലോചിച്ച് ഇക്കാര്യം പരിഗണിക്കാവുന്നതാണ്. |
| ജി | പട്ടികവർഗ്ഗ വിഭാഗത്തിന് നീതി നിഷേധിക്കുന്ന ഇത്തരം നടപടികൾ ഇനിയും സ്വീകരിക്കാതിരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ? | പട്ടികവർഗ്ഗക്കാർക്ക് നീതി നിഷേധിക്കുന്ന രീതിയിൽ ഒരു നടപടിയും പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ചിട്ടില്ല. 2003-04 - ൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച 10 കോടി രൂപയിൽ ഇതിനകം 2,27,24,311/- രൂപ (രണ്ടു കോടി ഇരുപത്തിയേഴ് ലക്ഷത്തി ഇരുപത്തിനാലായിരത്തി മുന്നൂറ്റി പതിനൊന്നു രൂപാ മാത്രം) സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം പരിയാരം മെഡിക്കൽ കോളേജിന് അനുവദിച്ച് നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ 105 ലക്ഷം രൂപ മാത്രമാണ് അനുവദിച്ച് നൽകാൻ ശേഷിക്കുന്നത്. ഈ തുക ഉപയോഗിച്ച് പരമാവധി പട്ടികവർഗ്ഗക്കാർക്ക് ധനസഹായം സർക്കാർ ആശുപത്രി മുഖേന ലഭിക്കുന്നതിനാണ് പരിയാരത്ത് ചികിത്സ തേടുന്നതിൽ നിബന്ധന ഏർപ്പെടുത്തിയിട്ടുള്ളത്. നിലവിൽ അവശേഷിക്കുന്ന 105 ലക്ഷം രൂപയും ആശുപത്രികൾക്ക് അനുവദിച്ച് നൽകിയാൽ കേന്ദ്ര സർക്കാരിൽ നിന്നും അധിക സഹായം ലഭിച്ചാൽ മാത്രമെ പദ്ധതി തുടരുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ